(ബി) പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ പ്രായപരിധി കഴിഞ്ഞയാൾ എം.ഡി.യായി തുടരുന്നുണ്ടോ ;

(സി) കെൽ എന്ന സ്ഥാപനത്തിലെ എം.ഡി.-യുടെ പ്രായം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെയും മാനേജിംഗ് ഡയറക്ടർമാരുടെയും പ്രായപരിധി സംബന്ധിച്ച് ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് സ.ഉ (എംഎസ്.) നമ്പർ 19/2015/പ്ലാനിംഗ് തീയതി 11-5-2015 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) പ്രസ്തുത സർക്കാർ ഉത്തരവ് അനുസരിച്ച് എം.ഡി.-മാരുടെ പ്രായപരിധി 65 വയസ്സാണ്. എന്നാൽ ഈ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രായപരിധിക്ക് മുകളിൽ പ്രായമുള്ളത് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർക്കുമാത്രമാണ്. ഇദ്ദേഹത്തിന്റെ പ്രായം 70 വയസ്സാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ്

164 (4746) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനംവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത സംവിധാനംവഴി എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും ചെലവ് ചുരുക്കുന്നതിന്റെയും ഭാഗമായി 'ഇ-പെയ്മെന്റ്' സംവിധാനത്തോടുകൂടിയുള്ള 'ഇ-പ്രൊക്യൂർമെന്റ്' നടപ്പിലാക്കിയിട്ടുണ്ട്. ചില സ്ഥാപനങ്ങളിൽ ഇതുകൊണ്ട് ഏതാണ്ട് 6 % വരെ ഉല്പാദനച്ചെലവ് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ സംവിധാനം

165 (4747) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളിൽ ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 12-5-2015-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Ms) No. 13/2015/ITD പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ ടെണ്ടറുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകൾക്ക് ഇ-ടെണ്ടറിംഗ് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി&സി) കരാർ/ടെണ്ടർ പ്രക്രിയയുടെ സുതാര്യതയും ഗുണനിലവാരവും ടെണ്ടറുകളുടെ രഹസ്യസ്വഭാവവും കാത്തുസൂക്ഷിക്കുക, ടെണ്ടർ നടപടികളിലെ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ടെണ്ടർ പ്രക്രിയ പൂർത്തീകരിക്കുക, സർക്കാർ ചെലവ് കുറയ്ക്കുക എന്നിവയാണ് ഇ-ടെണ്ടറിംഗ് എന്ന കടലാസ് രഹിത സംവിധാനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ദർഘാസുകൾ ലളിതമായും വേഗത്തിലും ഓൺലൈനിലൂടെ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.